Service With Love
JUBILEE MISSION
MEDICAL COLLEGE & RESEARCH INSTITUTE
Jubilee Mission P.O., East Fort,Thrissur - 680005, Kerala, India

28.04.2026

# ജൂബിലിയിൽ 'സേഫ് മദർ ഹുഡ് ഡേ' ആചരിച്ചു

ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സേഫ് മദർഹുഡ് ഡേ (സുരക്ഷിത മാതൃത്വദിനം) ആഘോഷിച്ചു. ആശുപത്രിയുടെ അസി. ഡയറക്ടർ ഫാ. ടെറിൻ മുള്ളക്കര അധ്യക്ഷത വഹിച്ച ചടങ്ങിൽ തൃശ്ശൂർ അതിരൂപത വികാരി ജനറൽ ഫാ. ജെയ്സൻ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. എം. എ. ആൻഡ്രൂസ് ആശംസാപ്രസംഗം നടത്തി. ഡോ. അശ്വത്ത് കുമാർ, ഡോ. നീത ജോർജ്ജ് എന്നിവർ ചടങ്ങുകൾക്ക് നേതൃത്വം നൽകി. ഗർഭിണികളെയും സമീപകാലത്ത് അമ്മമാരായവരെയും ചടങ്ങിൽ ആദരിച്ചു. ദുർഘടമായ ഗർഭകാല വഴികളെ സമചിത്തതയോടെ നേരിട്ട അമ്മമാരുടെ അനുഭവ സാക്ഷ്യപ്പെടുത്തലുകൾ ഉണ്ടായിരുന്നത് ഏറെ ശ്രദ്ധേയമായി. ഭാര്യമാരുടെ ഗർഭകാലത്ത് ഭർത്താക്കന്മാരുടെ പങ്കിനെപറ്റിയും ഗർഭാവസ്ഥയിൽ അറിഞ്ഞിരിക്കേണ്ട പല കാര്യങ്ങളെക്കുറിച്ചും ഗർഭിണിയുടെ മാനസിക വ്യതിയാനങ്ങളെപ്പറ്റിയും അതിലുണ്ടാകുന്ന പ്രശ്നങ്ങളും അതിനു ചെയ്യേണ്ടുന്ന പ്രതിവിധികളെപ്പറ്റിയും ഡോ. അജീന, ഡോ. മെറിൻ, ഡോ. ജോബിൻസ്, ഡോ. ദീപ്തി നായർ, ഡോ. അനു ഫ്രാങ്കോ എന്നിവർ തമ്മിലുള്ള സംവാദം വളരെ ഹൃദ്യവും ഉപകാരപ്രദമായിരുന്നു. അന്നേ ദിവസം 'മദർ ഓഫ് ദ ഡേ' ആയി തിരഞ്ഞെടുത്ത അമ്മക്ക് മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ ഉപഹാരം നൽകി. ഗൈനക്കോളജി വിഭാഗം മേധാവി ഡോ. ബിന്ദു എം. സ്വാഗതം ആശംസിച്ചു. ഡോ. ലോല രാമചന്ദ്രൻ നന്ദി പ്രകടിപ്പിച്ചു. ഡോ. സെറീന ഗിൽവാസ് നയിച്ച കേക്ക് മുറിക്കൽ ചടങ്ങോടുകൂടി പരിപാടി അവസാനിച്ചു.